## വചനസന്ദേശം (ജീവിതത്തിലെ ലാളിത്യം)

കേസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ഈശോ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു ചോദിച്ചു (മത്താ. 16, 13–15): ‘മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത്?; ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?’ ഈശോ ദൈവ പുത്രനായിരുന്നിട്ടും ദൈവരാജ്യപ്രഘോഷണത്തിനായുള്ള യാത്രയിൽ, ഒന്ന് തിരിഞ്ഞുനിന്ന്, വിലയിരുത്തുകയാണ് – ജനങ്ങളിലേക്കും തന്റെ ശിഷ്യന്മാരിലേക്കും തന്റെ ദൈവരാജ്യസന്ദേശം എത്തുന്നുണ്ടോ എന്ന്. നമ്മുടെ സഭയിലും കൂടെക്കൂടെ ഇത്തരം വിലയിരുത്തലുകളാവശ്യമാണ്. ഓരോ അഞ്ചുവർഷത്തിലും സഭയുടെ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ ഒരുമിച്ചുകൂടി സഭാജീവിതത്തെ വിലയിരുത്തുന്ന അനുഗ്രഹീതനിമിഷങ്ങളാണ് സീറോ മല ബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. ഈ വർഷം ആഗസ്റ്റ് 25 മുതൽ 28 വരെയുള്ള ദിനങ്ങളിൽ ഇരിഞ്ഞാ ലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ വച്ചാണ് അസംബ്ലി നടക്കുന്നത്. പത്രോ സിന്റെ പ്രതികരണത്തിനു മറുപടിയായി ഈശോ പറഞ്ഞു: ‘മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണ് ഇത് നിനക്ക് വെളിപ്പെടുത്തിത്തന്നത്.’ ദൈവജനത്തിന്റെ പരിഛേദം ഒരുമിച്ചുകൂടുന്ന അസംബ്ലിയിൽ പിതാവിന്റെ ഇഷ്ടം വെളിപ്പെടുവാൻ പോകുകയാണ്. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് 2010 ലെ അസംബ്ലി യുടെ ആരംഭത്തിൽ പറഞ്ഞതുപോലെ, “പരിശുദ്ധാത്മാവ് സഭയോട് എന്തുപറയുന്നു എന്ന് വിവേചിച്ചറിയാനുള്ള വിശുദ്ധ ദിനങ്ങളാണ്’’ അസംബ്ലി നമുക്ക് നൽകുന്നത്.

അസംബ്ലിയുടെ പരിചിന്തനത്തിനുള്ള വിഷയങ്ങൾ നിർദ്ദേശിക്കുവാൻ 2015 ജനുവരിയിലെ മെത്രാന്മാരുടെ സിനഡ് സഭ യുടെ വിവിധ തലങ്ങളിലുള്ളവരോട് ആഹ്വാനം ചെയ്യുകയുണ്ടായി. ഏറ്റവും പ്രാധാന്യത്തോടെ നിർദ്ദേശിക്കപ്പെട്ട ആനുകാലിക പ്രസക്തങ്ങളായ ത്രിവിധ വിഷയങ്ങളാണ് അസംബ്ലിയുടെ പ്രത്യേകപരിചിന്തനത്തിനായി തിരഞ്ഞെടു ത്തിരിക്കുന്നത് – ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നിവയാണവ. ഈ മൂന്ന് വിഷയങ്ങൾ ആധുനിക ലോകത്തിലെ വെല്ലുവിളികൾക്കുള്ള സഭയുടെ പ്രത്യുത്തരമായാണ് മെത്രാൻ സിനഡ് വീക്ഷിക്കുക. അസംബ്ലിയിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ മാത്രം അഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെട്ടാൽ പോരാ; ഈ വിഷയങ്ങളെക്കുറിച്ചുള്ള സഭാംഗങ്ങളെല്ലാവരുടെയും പരിചിന്തനങ്ങൾ അസംബ്ലിയുടെ സംഘാതാത്മകത വർദ്ധിപ്പി ക്കും. ഈ ലക്ഷ്യത്തോടെയാണ് ഈ വിഷയങ്ങളെക്കുറിച്ചുള്ള ഒരു മാർഗ്ഗരേഖ (*lineamenta*) തയ്യാറാക്കിയിരിക്കുന്നത്. രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാർഗ്ഗരേഖ ചർച്ചചെയ്യപ്പെടണം. നിങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് രൂപതാ കേന്ദ്രം വഴിയോ നേരിട്ടോ സഭാ ആസ്ഥാനത്ത് എത്തിക്കേണ്ടതാണ്. അസംബ്ലിയുടെ നടത്തിപ്പി നുള്ള പ്രവർത്തനരേഖ (*instrumentum laboris*) യിൽ നിങ്ങളുടെ അഭിപ്രായങ്ങൾ പ്രതിഫലിക്കുന്നതായിരിക്കും.

അസംബ്ലിയിൽ ചർച്ചചെയ്യപ്പെടുന്ന ആദ്യവിഷയം **വ്യക്തിജീവിതത്തിലും സഭാജീവിത്തിലും ഉണ്ടായിരിക്കേണ്ട ലാളി ത്യ**മാണ്. വർത്തമാന കാലഘട്ടത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ മിശിഹാ സന്ദേശത്തിന്റെ ആൾരൂപമായിരിക്കുന്നത് ലാളി ത്യജീവിതശൈലിയും ലളിതപ്രബോധനവും വഴിയാണ്. ആഗോളസഭയുടെ തലവനിൽ മാത്രമല്ല, ദൈവജനത്തിന്റെ വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും ഈശോയുടെ ലാളിത്യം യാഥാർത്ഥ്യമാകേണ്ടിയിരിക്കുന്നു.

**എന്താണ് ഈശോയുടെ ലാളിത്യത്തിന്റെ പ്രത്യേകത?** ദൈവത്തിന്റെ സമ്പന്നതകളെല്ലാം സ്വന്തമായുണ്ടായിരുന്നിട്ടും സ്വയം ശൂന്യനാക്കിക്കൊണ്ട് അവൻ ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി. 2, 6–7). എല്ലാം ഉള്ളവനായിരുന്നിട്ടും ഒന്നും സ്വന്തമാക്കാനല്ല, സമർപ്പിക്കാനും അനേകരുടെ മോചനദ്രവ്യമായിത്തീരാനുമാണ് ഈശോ കാലിത്തൊഴുത്തിൽ എളിയ വനായി വന്നുപിറന്നതും കാൽവരിയിൽ യാഗമായിത്തീർന്നതും. കുറുനരികൾക്കു മാളങ്ങളും ആകാശപറവകൾക്ക് കൂടുമുണ്ടെങ്കിലും മനുഷ്യപുത്രനു തല ചായ്ക്കാൻ സ്വന്തമായി ഒരിടവുമില്ലായിരുന്നു (മത്താ 8:20).

**ഈശോയുടെ ആന്തരിക സ്വാതന്ത്ര്യം** ഫലം ചൂടിയതായിരുന്നു അവിടുത്തെ ലളിതജീവിതം. ആന്തരികസ്വാതന്ത്ര്യമു ള്ളിടത്തേ ആവശ്യങ്ങളിൽ നിന്നുള്ള വിടുതി സാധ്യമാകൂ. കൊളുത്തിപ്പിടിക്കാനോ ഒട്ടിപ്പിടിക്കാനോ സ്വയം അനുവദി ക്കാതിരിക്കുന്ന ഉള്ളിന്റെ സ്വാതന്ത്ര്യമാണത്. അതുകൊണ്ട് ദൈവരാജ്യത്തിന് ചേരാത്തതെല്ലാം ഈശോയ്ക്ക് നിർഭയം തള്ളിക്കളയാനായി; ദൈവരാജ്യത്തിനുവേണ്ടി പുത്തൻപാതകൾ വെട്ടിത്തുറക്കുന്നതിന് അവിടുത്തേക്ക് ഒന്നും തടസ്സമാ യിരുന്നില്ല.

പ്രിയമുള്ളവരേ, സ്വരുക്കൂട്ടിവച്ചിരിയ്ക്കുന്നതിന്റെയും സ്വന്തമാക്കിയിരിക്കുന്നവയുടെയും വെളിച്ചത്തിൽ നമ്മെത്ത ന്നെയും മറ്റുള്ളവരെയും നോക്കിക്കാണുന്ന **കമ്പോളസംസ്കാരത്തിലാണ്** നാം ഇന്ന് ജീവിക്കുന്നത്. സൗകര്യങ്ങളേ ക്കാൾ ആകർഷണങ്ങൾക്കും ആവശ്യങ്ങളേക്കാൾ ആർഭാടങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന ഒരു ലോകം. വാങ്ങു വാനുള്ള സ്വാതന്ത്ര്യമാണ് ശരിയായ സ്വാതന്ത്ര്യമെന്ന് കമ്പോളസംസ്കാരം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു. ഫലമോ, മനു ഷ്യന്റെ ഹൃദയം കൂടുതൽ കൂടുതൽ ശൂന്യമാകുകയും സ്വാർത്ഥമാകുകയും ചെയ്യുന്നു. കൂടുതൽ വാങ്ങിക്കൂട്ടിയതു കൊണ്ട്, നമ്മുടെ ആഗ്രഹങ്ങൾക്ക് അറുതിവരികയല്ല, പതിന്മടങ്ങ് വർദ്ധിക്കുകയാണ് ചെയ്യുന്നത്. *കച്ചവടത്തിനും കമ്പോളത്തിനും അടിയറവയ്ക്കാതെ സ്വയം നമുക്കുതന്നെ പരിധി നിശ്ചയിക്കുമ്പോഴാണ് നാം ഈശോയെപ്പോലെ ആന്തരികസ്വാതന്ത്ര്യമുള്ളവരായിത്തീരുന്നത്.* ഏതെല്ലാം മേഖലകളിലാണ് ആർഭാടവും കമ്പോളചിന്തയും നമ്മെ അടിമ

പ്പെടുത്തിയിരിക്കുന്നത് എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. നമ്മുടെ വിവാഹാഘോഷങ്ങൾ; ദേവാലയങ്ങൾ, കെട്ടിടങ്ങൾ, വീടുകൾ; തിരുന്നാളാഘോഷങ്ങൾ, നൊവേനകൾ തുടങ്ങിയ വിവിധ അനുഷ്ഠാനങ്ങൾ; എന്നിവ നാം വിലയിരുത്തേണ്ടിയിരിക്കുന്നു.

**നമുക്കുള്ളതിൽ തൃപ്തിയടയാൻ** നമുക്ക് സാധിക്കുമ്പോൾ മാത്രമേ ദൈവം തന്നവയെ ആസ്വദിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ജീവിതം ആസ്വദിക്കുക എന്നത് ഒരു ക്രിസ്തീയ പുണ്യമാണ്; എന്നാൽ, അത് ഞാൻ സ്വാർത്ഥപരമായി സ്വന്തമാക്കുന്നതിലൂടെയല്ല സാധിക്കേണ്ടത്. അൽപത്തിൽ ആനന്ദം കണ്ടെത്തിയും ഉള്ളതുകൊണ്ട് തൃപ്തിയടഞ്ഞുമാണ് നാം ആസ്വദിക്കേണ്ടത് എന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ പഠിക്കുന്നു (ലൗദാത്തോ സി. 222).

**ലളിതമായ പ്രബോധനശൈലി**യായിരുന്നു ഈശോയുടേത്. തികച്ചും ലളിതങ്ങളായ വയലും വീടും  കായലോരവും കുന്നിൻചെരിവും ദേവാലയവും അവന്റെ പ്രബോധനവേദികളായി. മനുഷ്യർ അദ്ധ്വാനിക്കുന്ന പാടങ്ങളും അനുദിനജീവിതത്തിന്റെ ഭാഗമായ പുളിമാവും (ലൂക്കാ 13, 20–21) വീഞ്ഞുഭരണികളും (ലൂക്കാ 5, 37) എണ്ണവിളക്കുകളും (ലൂക്കാ 8, 16; 11, 33) മുറിവിലൊഴിക്കുന്ന എണ്ണയും (ലൂക്കാ 10, 34) കീറൽ തുന്നിച്ചേർക്കാനുള്ള തുണിക്കഷണങ്ങളും (ലൂക്കാ 5, 36) പാടത്തുമുളക്കുന്ന വിത്തുകളും കടുകുമണിയും (മത്താ. 13, 4–9) ആകാശത്തിലെ പറവകളും (മത്താ. 6, 26–27) എല്ലാം അവന്റെ വചനപ്രഘോഷണത്തിന്റെ ഭാഗമായി.

ഈശോയുടെ ദൈവരാജ്യപ്രഘോഷണം ലളിതമായ വാക്കുകളിലൂടെ മാത്രമായിരുന്നില്ല; ലാളിത്യമാർന്ന **സൗഹൃദങ്ങളുടെ കൂട്ടായ്മകളിലൂടെ** കൈമാറ്റം ചെയ്യപ്പെടുന്നതായിരുന്നു. എല്ലാവരെയും ദൈവരാജ്യത്തിന്റെ സൗഹൃദത്തിലേക്ക് അവൻ മാടിവിളിച്ചു. തന്റെ ശിഷ്യന്മാരെ അവിടുന്ന് സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. (യോഹ. 15, 15). ധനികരെയും ദരിദ്രരെയും ഒരുപോലെ സ്നേഹിക്കുന്ന ഈശോ. എന്നാൽ, സമൂഹത്തിന്റെ നേർധാരയിൽ നിന്ന് അകറ്റിനിറുത്തപ്പെട്ടവരെ പ്രത്യേകം പരിഗണിച്ച് അവരെ സമൂഹത്തിന്റെ നേർധാരയിലേക്ക് കൊണ്ടുവരുവാൻ അവരിൽ ഒരുവനായി അവരെ ശക്തിപ്പെടുത്തിയവൻ. ഈശോ വെളിപ്പെടുത്തിയ പിതാവ് അങ്ങനെയായിരുന്നു – എല്ലാവരെയും തന്നിലേക്ക് ഹൃദയപൂർവം മാടിവിളിക്കുന്ന പിതാവ്. സുവിശേഷാനുസൃതമായ ഈ ലാളിത്യത്തിലേക്ക് നാമും വിളിക്കപ്പെട്ടിരിക്കുന്നു.

ഇതിൽ നിന്നും ഭൗതികദാരിദ്ര്യത്തെ തന്റെ ലളിതജീവിതം കൊണ്ട് ആദർശവൽക്കരിക്കുകയല്ല ഈശോ ചെയ്തത്; മറിച്ച്, തന്റെ ലാളിത്യത്തിലൂടെ അവരെ പിതാവിന് പ്രിയപ്പെട്ടവരാക്കി മാറ്റുകയായിരുന്നു. **ആത്മാവിൽ ദരിദ്രരാകാനുള്ള വിളിയാണത്**. പഴയനിയമത്തിലെ *ദൈവത്തിന്റെ നിസ്വർ (അനവിം യാഹ്‌വേ) ആകുവാനുള്ള വിളി*യാണത്. ആരാണ് അനവിം യാഹ്‌വേ? ദൈവമല്ലാതെ മറ്റാരും ആശ്രയമില്ലാത്തവനാണ്; സമൂഹത്തിലെ ഏറ്റവും ചെറിയവരും അവഗണിക്കപ്പെട്ടവരുമാണ് ഇവരിൽ ആദ്യകൂട്ടർ. അവർ ദൈവത്തെ തങ്ങളുടെ സമ്പത്തായി കാണുന്നതുകൊണ്ട് അവിടുന്ന് അവരെ സമ്പൂർണരാക്കും; അവർക്ക് ഒന്നിനും ഒരു കുറവുമുണ്ടാകില്ല. എന്നാൽ, ഭൗതികസമ്പത്തുള്ളവരും ആത്മാവിൽ ദരിദ്രരാകണം. അവരും ദൈവത്തെ തങ്ങളുടെ സമ്പത്തായി കാണണം. സക്കേവൂസിനെപ്പോലെ (ലൂക്കാ 19, 8) *ഭൗതികസമ്പത്തിനെ പരമമായി കാണാതിരിക്കണം*. അങ്ങനെയെങ്കിൽ, ഭൗതികസമ്പത്ത് ദൈവം തന്ന സമ്മാനമാണ്, തങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി വ്യയം ചെയ്യാനുള്ള സമ്മാനം. അത് എന്റെ സ്വന്തമല്ല; എന്നെ ഭരമേൽപ്പിച്ചിരിക്കുന്നതാണ് എന്നുള്ള ചിന്ത, ഇല്ലാത്തവനുമായി പങ്കുവയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കും. മിശിഹായുടെ *ദാരിദ്ര്യത്തിൽ സമ്പന്നനാകുവാൻ* ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നത് ഇത്തരത്തിലുള്ള ഒരു ജീവിതത്തെ ഉദ്ദേശിച്ചാണ്.

പ്രിയമുള്ളവരേ, **സമ്പത്തിനോടുള്ള നമ്മുടെ മനോഭാവത്തെ നാം വിലയിരുത്തേണ്ടിയിരിക്കുന്നു**. *ഭൂമിയിലുള്ള വിഭവങ്ങളെല്ലാം മനുഷ്യകുലത്തിനുമുഴുവനും സകലസൃഷ്ടികൾക്കും വേണ്ടി ദൈവം ഒരുക്കിയിരിക്കുന്നതാണ്* (*C.C.C.*2403) എന്ന് നാം ഓർക്കണം. ഭൂമിയുടെ ഉടമസ്ഥാവകാശം ദൈവത്തിനുള്ളതാണ്; മനുഷ്യൻ കുടികിടപ്പുകാരൻ മാത്രമാണ് (ലേവ്യ 25, 23) എന്ന ബൈബിൾ പഠനം നാം ഓർക്കണം. *ഭൂമിയിലെ വിഭവങ്ങൾ അമിതമായി ചിലവുചെയ്യുന്നതും ധൂർത്തടിക്കുന്നതും ദൈവസന്നിധിയിൽ പാപമാണ്* (*C.C.C.*1409). നമ്മുടെ ആവശ്യത്തിൽ കവിഞ്ഞുള്ളവ, അല്ല, നമ്മുടെ അത്യാവശ്യത്തിനുള്ളവ പോലും സുവിശേഷത്തിലെ വിധവയെപ്പോലെ – അത് എത്ര കൊച്ചുകാശായാലും – പങ്കുവയ്ക്കാനുള്ളതാണ്. അതുകൊണ്ടാണ്, ആവശ്യത്തിൽ ഞെരുങ്ങുന്നവനെ കണ്ടിട്ടും പങ്കുവയ്ക്കാത്തവൻ പാപം ചെയ്യുന്നു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നത് (1 യോഹ. 3, 17). വി. അംബ്രോസ് പറയുന്നു, 'നിങ്ങൾ പാവപ്പെട്ടവർക്ക് ദാനം കൊടുക്കുകയല്ല; അവർക്ക് അവകാശപ്പെട്ടത് അവർക്ക് തിരികെക്കൊടുക്കുകയാണ്.'

*ബാഹ്യമായ ഏതാനും നിയന്ത്രണങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ലാളിത്യമല്ല* ഈശോ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. അത് ലാളിത്യത്തിലൂന്നിയ ജീവിത ദർശനവും ആദ്ധ്യാത്മികതയുമാണ്. അതിന്റെ ബഹിർസ്ഫുരണമായി നമ്മുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. ലാളിത്യ*ചിന്ത*കൊണ്ടുമാത്രം നാം സമ്പന്നരായാൽ പോരാ; നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും പ്രായോഗികമായി നമുക്ക് വാഗ്ദാനം ചെയ്യാവുന്ന എന്തെല്ലാം നടപടികളാണ് നാം സ്വീകരിക്കുന്നത്? ഇതാകട്ടെ സീറോമലബാർ അസംബ്ലിയുടെ വിജയത്തിനായി നൽകുന്ന എന്റെയും നിങ്ങളുടെയും നമ്മുടെ ഇടവകയുടെയും/സ്ഥാപനത്തിന്റെയും പങ്ക്.